# അക്വീദാ പഠനത്തിന്റെ അനിവാര്യത

**ഗ്രന്ഥകർത്താവ്:** ***ശൈഖ്സ്വാലിഹ് അൽ ഫൗസാൻ***
**ഗ്രന്ഥം:** المنتقى من فتاوى (1/303-306)
**വിവർത്തനം:** ***മുഹമ്മദ് സിയാദ്***

**ചോ:** ജനങ്ങളുടെ കൂട്ടത്തിൽ ചിലരുണ്ട്. അവർ അകീദാ ക്ലാസ്സുകളിലൊന്നും പങ്കെടുക്കുകയില്ല. അവർ (അതിനു ന്യായം) പറയും: "ഞങ്ങൾ മുസ്‌ലിംകളാണ്. അക്വീദ പഠിക്കാനും അതിന്റെ ക്ലാസ്സുകളിൽ പങ്കെടുക്കാനും മാത്രം ഞങ്ങൾ അവിശ്വാസികളോ വിഗ്രഹാരാധകരോ അല്ല." അതിനാൽ ഇവ്വിഷയകമായുള്ള അങ്ങയുടെ അഭിപ്രായം അറിയിച്ചു തന്നാലും.

**ഉ:** മുസ്‌ലിംകളെ അക്വീദ പഠിപ്പിക്കുന്നത് നാം അവരെ അവിശ്വാസികളായി പരിഗണിച്ചതുകൊണ്ടല്ല. പ്രത്യുത, അക്വീദ കൃത്യമായി മനസ്സിലാക്കുന്നതിനും അതിനെ ദുർബ്ബലപ്പെടുത്തുന്ന കാര്യങ്ങളും അതിനു വിരുദ്ധമായ സംഗതികളും തിരിച്ചറിയുന്നതിനും വേണ്ടിയാണ് അത്. നബിയുടെ സമുന്നത സ്വഹാബികളിൽ ഒരാളായ ഹുദൈഫതുബ്നുൽ യമാൻ (റ) പറഞ്ഞു: "ജനങ്ങൾ നബിയോട് നന്മയെ കുറിച്ചാണ് ചോദിച്ചിരുന്നത്. എന്നാൽ ഞാൻ അവിടുത്തോട് ചോദിച്ചിരുന്നത് തിന്മയെ കുറിച്ചാണ്. അതിൽ ആപതിക്കുമെന്ന ഭയം നിമിത്തമായിരുന്നു (അങ്ങനെ ചോദിക്കുന്നത്)." (ബുഖാരി: 3606; മുസ്‌ലിം: 1847) ഉമറുബ്നുൽഖത്വാബ് (റ) പറഞ്ഞു: "അടുത്തു തന്നെ ഇസ്‌ലാമിന്റെ കെട്ട് ഓരോന്നോരോന്നായി അഴിഞ്ഞു കൊണ്ടിരിക്കും. കാരണം, ജനങ്ങൾ ഇസ്‌ലാമിൽ പ്രവേശിക്കും. എന്നാൽ അവർ ജാഹിലിയ്യത്ത് എന്തെന്ന് അറിഞ്ഞിട്ടുണ്ടാവില്ല." (ഇബ്നു തൈമിയ്യ തന്റെ മജ്മൂഉൽ ഫതാവാ (10/301) ൽ). അതിനാൽ നാം അക്വീദ പഠിപ്പിക്കുമ്പോൾ, പഠിക്കുന്നവരെ അമുസ്‌ലിംകളായി കണ്ടുകൊണ്ടല്ല പഠിപ്പിക്കുന്നത്. മറിച്ച്, ശരിയായ ഇസ്‌ലാമിക അക്വീദ അവർ മനസ്സിലാക്കിയിരിക്കണമെന്ന ആഗ്രഹമാണ് നമുക്കുള്ളത്. അങ്ങനെ അവർ അതു മനസ്സിലാക്കിയാൽ, അതു മുറുകെപ്പിടിക്കാനും, അതിനെതിരായിട്ടുള്ളതിനെ തിരിച്ചറിഞ്ഞ് അതിൽ നിന്നുമാറി നിൽക്കാനും അവർക്ക് സാധിക്കും. പ്രവാചകനെ അഭിസംബോധന ചെയ്തുകൊണ്ട് അല്ലാഹു പറഞ്ഞു:

فَٱعْلَمْ أَنَّهُۥ لَآ إِلَٰهَ إِلَّا ٱللَّهُ وَٱسْتَغْفِرْ لِذَنۢبِكَ وَلِلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ ۗ وَٱللَّهُ يَعْلَمُ مُتَقَلَّبَكُمْ وَمَثْوَىٰكُمْ

"ആകയാൽ അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന് നീ മനസ്സിലാക്കുക. നിന്റെ പാപത്തിന് നീ പാപമോചനം തേടുക. സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടിയും (പാപമോചനം തേടുക.) നിങ്ങളുടെ പോക്കുവരവും നിങ്ങളുടെ താമസവും അല്ലാഹു അറിയുന്നുണ്ട്" (സൂറ: മുഹമ്മദ്: 19)

അതിനാൽ, ''ഞാനൊരു മുസ്‌ലിമാ''ണെന്ന് പറഞ്ഞു മതിയാക്കാതെ കാര്യങ്ങൾ പഠിക്കണം. അതെ, നീ ഒരു മുസ്‌ലിം തന്നെയാണ്. അല്ലാഹുവിന് സ്തുതി! എന്നാൽ, നിങ്ങളിലൊരാളോട് ഇസ്‌ലാം എന്നതിന്റെ അർത്ഥം ചോദിക്കുകയോ, അതല്ലെങ്കിൽ ഇസ്‌ലാം എന്താണെന്ന് വിശദീകരിക്കാൻ ആവശ്യപ്പെടുകയോ ചെയ്താൽ, നിങ്ങളിൽ പലർക്കും കൃത്യമായി അത് വിശദീകരിക്കാൻ സാധിക്കുകയില്ല. ഇനി, ഇസ്‌ലാമിനെ ദുർബ്ബലപ്പെടുത്തുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് ചോദിക്കുകയാണെങ്കിലും, നിങ്ങളിൽ പലർക്കും അത് വിശദീകരിക്കാൻ സാധിക്കുകയില്ല. അപ്പോൾ, ഒരാൾ അറിവില്ലാത്തവനാണെങ്കിൽ, അവനറിയാതെ തെറ്റായ പാതയിൽ പതിക്കാൻ സാധ്യതയുണ്ട്.

അതുമല്ല, പ്രവാചകൻ പഠിപ്പിച്ചു തന്ന ഇസ്‌ലാം കാര്യങ്ങളോ ഈമാൻ കാര്യങ്ങളോ വിശദീകരിക്കാൻ പറഞ്ഞാൽ പോലും പലർക്കും അതിനു സാധിക്കുകയില്ലെന്ന് നമുക്ക് കാണാം. അതിനാൽ, ഇത്തരം (അടിസ്ഥാനപരമായ) കാര്യങ്ങൾ പോലും അറിയാത്തവൻ എങ്ങനെയാണ് "ഞാനൊരു മുസ്‌ലിമാ"ണെന്ന് പറഞ്ഞു തൃപ്തിപ്പെടുക!

ദൗർഭാഗ്യകരമെന്നു പറയട്ടെ, പ്രബോധകന്മാരായി അറിയപ്പെടുന്ന ആളുകൾക്ക് പോലും നമസ്കാരത്തിന്റെ ശർത്തുകളും, വുളുവുമായി ബന്ധപ്പെട്ട വിധിവിലക്കുകളും, വുളുമുറിയുന്ന കാര്യങ്ങളും അറിയില്ല. അവരിൽ ചിലർക്ക് നമസ്കാരത്തിന്റെ റുക്നുകളോ, വാജിബുകളോ, നമസ്കാരത്തെ നിഷ്ഫലമാക്കുന്ന കാര്യങ്ങളോ അറിയില്ല. പിന്നെ എന്ത് ഇസ്‌ലാമിലേക്കാണ് ഇവർ ക്ഷണിക്കുന്നത്?! ഇസ്‌ലാം എന്നു പറയുന്നത് വെറും പ്രബോധനമല്ല. മറിച്ച്, അത് പഠിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യേണ്ട ഒരു യാഥാർത്ഥ്യമാണ്. അതിനാൽ, കൃത്യമായ അറിവും മതത്തെ കുറിച്ചുള്ള ധാരണയും അനിവാര്യമാണ്. എന്തെന്നാൽ, കൃത്യമായ അറിവില്ലാത്തവൻ ആപത്തിലകപ്പെടാൻ സാധ്യതയുണ്ട്. ഏതുപോലെയെന്നാൽ, ഒരുവഴിയിലൂടെ നടക്കുന്ന ഒരുവന്ന് ആ വഴിയിലുള്ള കിടങ്ങുകളും കുഴികളും പതിസ്ഥലങ്ങളും അറിയില്ലെങ്കിൽ അവൻ (ആ അറിവില്ലായ്മ നിമിത്തം) അവയിൽ പതിക്കാൻ സാധ്യതയുണ്ട്.

അതിനാൽ, തൗഹീദിനെ കുറിച്ച് പഠിക്കൽ അനിവാര്യമാണ്. കാരണം, തൗഹീദാണ് മൗലികാടിത്തറ. രണ്ടു വിഭാഗം ആളുകല്ലാതെ തൗഹീദിനെ കുറിച്ച് പഠിക്കുന്നതിൽ നിന്നും മാറി നിൽക്കുകയില്ല: (ഒന്ന്,) മൂഢൻ: മൂഢന്റെ അഭിപ്രായത്തിന് വിലകൽപ്പിക്കേണ്ടതില്ല. (രണ്ട്,) പക്ഷപാതിയായ വ്യതിചലിച്ചവൻ: കലർപ്പില്ലാത്ത തൗഹീദിൽ നിന്നും ജനങ്ങളെ പിന്തിരിപ്പിക്കാൻ അവൻ ആഗ്രഹിക്കുന്നു. ഇസ്‌ലാമിലേക്ക് (തെറ്റായി) ചേർത്തു പറയപ്പെടുന്ന പിഴച്ചതും വ്യതിചലിച്ചതുമായ തന്റെ അബദ്ധവിശ്വാസങ്ങളെ ജനങ്ങളിൽ നിന്നും മറച്ചുവെക്കാനും അവൻ ആഗ്രഹിക്കുന്നു. തൗഹീദ് പഠിക്കുന്നതിൽ നിന്നും പുറംതിരിഞ്ഞു നിൽക്കുന്ന പലരുടെയും സൗകര്യവും ഇതുതന്നെയാണ്. അല്ലാഹു പറഞ്ഞു:

وَمَا كَانَ ٱلْمُؤْمِنُونَ لِيَنفِرُوا۟ كَآفَّةً ۚ فَلَوْلَا نَفَرَ مِن كُلِّ فِرْقَةٍ مِّنْهُمْ طَآئِفَةٌ لِّيَتَفَقَّهُوا۟ فِى ٱلدِّينِ

وَلِيُنذِرُوا۟ قَوْمَهُمْ إِذَا رَجَعُوٓا۟ إِلَيْهِمْ لَعَلَّهُمْ يَحْذَرُونَ

സത്യവിശ്വാസികൾ ആകമാനം (യുദ്ധത്തിന്ന്) പുറപ്പെടാവതല്ല. എന്നാൽ അവരിലെ ഓരോ വിഭാഗത്തിൽ നിന്നും ഓരോ സംഘം പുറപ്പെട്ട് പോയിക്കൂടേ? എങ്കിൽ (ബാക്കിയുള്ളവർക്ക് നബിയോടൊപ്പം നിന്ന്) മതകാര്യങ്ങളിൽ ജ്ഞാനം നേടുവാനും തങ്ങളുടെ ആളുകൾ (യുദ്ധ രംഗത്ത് നിന്ന്) അവരുടെ അടുത്തേക്ക് തിരിച്ചുവന്നാൽ അവർക്ക് താക്കീത് നൽകുവാനും കഴിയുമല്ലോ? അവർ സൂക്ഷ്മത പാലിച്ചേക്കാം. (സൂ. അത്തൗബ: 122)

നബി(സ) പറഞ്ഞു: "അല്ലാഹു ആർക്കെങ്കിലും നന്മ ഉദ്ദേശിച്ചാൽ അവന് മതകാര്യത്തിൽ അറിവ് നൽകും." (ബുഖാരി) അതായത്, അല്ലാഹു ആർക്കെങ്കിലും നന്മ ഉദ്ദേശിച്ചിട്ടില്ലെങ്കിൽ അവന് മതകാര്യത്തിൽ അറിവ് നൽകുകയില്ല എന്നർത്ഥം. അതിനാൽ, "എനിക്ക് അകീദ പഠിക്കേണ്ടതില്ല" എന്ന് ഒരാൾ പറയുമ്പോൾ, അത് "എനിക്ക് മതകാര്യങ്ങളിലുള്ള അറിവ് നേടേണ്ടതില്ല" എന്ന് പറയുന്നതു പോലെയാണ്. ഇപ്രകാരം പറയുന്നത് ഒന്നുകിൽ ഒരു മൂഢനോ, അല്ലെങ്കിൽ ഒരു വ്യതിചലിച്ചവനോ ആണ്!!